**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1619** **01-02-2024 - ൽ മറുപടിയ്ക്ക്**

**മൊയ്തു മൗലവി സ്മാരക മ്യൂസിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ മൊയ്തു മൗലവി സ്മാരക മ്യൂസിയത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (എ) | കോഴിക്കോട് ജില്ലയിലെ മൊയ്തു മൗലവി സ്മാരക മ്യൂസിയം പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ചുമതലയിലുള്ള സ്ഥാപനമാണ്. മ്യൂസിയം കെട്ടിടം നിർമ്മാണത്തിലെ അപാകതകൾ കാരണം കെട്ടിടം പരിപൂർണ്ണ നിലയിൽ ഉപയോഗപ്പെടുത്താൻ സാധിക്കാത്ത സാഹചര്യമുണ്ടെന്നും തുടക്ക കാലത്ത് സർക്കാരിൽ നിന്നും ലഭ്യമായ 10 ലക്ഷം രൂപയിൽ നിന്നാണ് സെക്യൂരിറ്റിയായ താൽക്കാലിക ജീവനക്കാരനുള്ള വേതനം, വൈദ്യുതി ചാർജ്ജ്, സ്കൂൾ, കോളേജ് വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് സ്വാതന്ത്ര്യദിനാഘോഷം, റിപ്പബ്ലിക് ദിനാഘോഷം, മൊയ്തു മൗലവി അനുസ്മരണ പരിപാടികളും ശുചീകരണ പ്രവൃത്തികളും നടത്തി വരുന്നതെന്നും പബ്ലിക്ക് റിലേഷൻസ് വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മൊയ്തു മൗലവി സ്മാരക മ്യൂസിയം പുരാവസ്തു വകുപ്പിന് കൈമാറ്റം ചെയ്യുന്നത് സംബന്ധിച്ച് ചർച്ചകൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ